പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1272

03/10/2016-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

ചോദ്യം

ശ്രീ . ജോൺ ഫെർണാണ്ടസ്

ഉത്തരം

ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തീരദേശ വാസികളുടെ ഭവന നിർമ്മാണത്തിന് തടസമാകുന്ന തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | കേരളത്തിന്റെ ജനസാന്ദ്രതയും സ്ഥലത്തിന്റെ അപര്യാപ്തതയും മറ്റ് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്ത് തീരദേശ വിജ്ഞാപന നിയമത്തിൽ ഇളവുകൾ അനുവദിക്കാൻ കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി കേന്ദ്ര സർക്കാർ നടപടി എടുക്കുകയും ഡോ.ശൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോ.ശൈലേഷ് നായക് സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ചർച്ച നടത്തുകയും ചെയ്തു. ശൈലേഷ് നായക് സമിതി അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഡോ.ശൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകൾ ഒന്നും തന്നെ ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം നിലവിൽ വന്ന പുതിയ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചോ ; | (ബി) | പുതിയ തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എറണാകുളം ജില്ലയിൽ ഭവനനിർമ്മാണത്തിന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയ്ക്കായി എത്ര അപേക്ഷകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത് ; | (സി) | 2016 ഏപ്രിൽ മുതൽ സെപ്തംബർ 29-വരെ എറണാകുളം ജില്ലയിൽ നിന്നും 572-ഓളം അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട് ; എത്ര അപേക്ഷകൾക്ക് അനുമതി നൽകേണ്ടതായിട്ടുണ്ട് ; | (ഡി) | അപേക്ഷകൾ പരിശോധിച്ചു വരുന്നു. |
| (ഇ) | അപേക്ഷകൾക്ക് അനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കാമോ ; | (ഇ) | 2016 മാർച്ച് 30-ന് ശേഷം അതോറിറ്റി നിലവിലില്ലാതിരുന്നതിനാലാണ് കാലതാമസം നേരിട്ടത്. പുതിയ അതോറിറ്റി ജൂൺ മാസത്തിൽ നിലവിൽ വരികയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | അനുമതികൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; അപേക്ഷകർക്ക് അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷകർക്ക് അനുമതി നിഷേധിക്കാനുള്ള കാരണം വിശദമാക്കാമോ ? | (എഫ്) | നിലവിലുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് അതോറിറ്റി ഊർജ്ജിത ശ്രമം നടത്തുന്നുണ്ട്. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് മാത്രമേ അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിജ്ഞാപന പ്രകാരം അനുവദനീയമല്ലാത്ത അപേക്ഷകളാണ് നിരസിക്കുന്നത്. |

സെക്ഷൻ ഓഫീസർ